"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — ന്യൂമാഹി ഗ്രാമപഞ്ചായത്ത് - 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1 - തടസ്സപ്പെടുത്തിയ തുകക്ക് സാധൂകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി )വകുപ്പ്**

G.O.(Rt)No.2091/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 01.07.2020 ലെ പി എ എൻ/8423/2020- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26.11.2021 ലെ ഡി.കെ.എസ്.എ 1178/2021/പി.റ്റി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിലെ **2010-11** ലെ വാർഷിക പദ്ധതിയിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളത്തിന് പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച **20,000/-** രൂപ സ.ഉ (എം.എസ് ) നം **183/07**/തസ്വഭവ തീയതി **24.07.2007** പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള പമ്പ് സെറ്റിന് സബ്സിഡി അനുവദിക്കുന്നില്ല എന്നതിനാൽ **2010-11** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-1** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

**2.** ന്യൂമാഹി ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ അധികവും തൊഴിൽ രഹിതരും ബി.പി.എൽ കുടുംബത്തിൽ ഉൾപ്പെട്ടവരാണെന്നും ഈ പദ്ധതി പട്ടികജാതി കുടുംബങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്ന് പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തിയിട്ടുണ്ടെന്നും കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി ടി ഓഡിറ്റ് തടസ്സവും ഗ്രാമപഞ്ചായത്ത് തീരുമാനവും ചർച്ചചെയ്യുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണത്തിനുള്ള ശിപാർശ നൽകിയിട്ടുണ്ടെന്നും ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പരാമർശം **(1)** പ്രകാരം ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**3.**പഞ്ചായത്തിലെ തൊഴിൽ രഹിതരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായ പട്ടികജാതിക്കാർക്ക് വളരെയേറെ ഉപകാരപ്രദമായെന്നും പഞ്ചായത്ത് സദുദ്ദേശ്യത്തോടെയാണ് പദ്ധതി നടത്തിയതെന്നും ജില്ലാതല ഓഡിറ്റ്

മോണിറ്ററിംഗ് സമിതിയുടെ തീരുമാനവും പരിഗണിച്ച് കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ **2010-11** വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.1** ന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നും പരാമർശം **(2)** പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഭരണ സമിതിയുടെയും മോണിറ്ററിംഗ് സമിതിയുടെയും തീരുമാനത്തിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അനുകൂല തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ , **2010-11** വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.1** പ്രകാരം തടസ്സപ്പെടുത്തിയ **20,000/ രൂപയുടെ (ഇരുപതിനായിരം രൂപ മാത്രം )** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ന്യൂമാഹി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/79/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-08-2025 15:38:45

സെക്ഷൻ ഓഫീസർ